# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്തംബർ 16

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒൻപതാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 10 മുതൽ ആരംഭിക്കും. പിഴയില്ലാതെ സെപ്തംബർ 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1668/2019)

ഏഴാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഒക്ടോബർ ഒന്ന മുതൽ ആരംഭിക്കും. പിഴയില്ലാതെ സെപ്തംബർ 19 വരെയും 500 രൂപ പിഴയോടെ 20 വരെയും 1000 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1669/2019)

## വൈവാവോസി

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. 2017-19 ബാച്ചിന്റെ നാലാം സെമസ്റ്റർ വൈവാവോസി സെപ്തംബർ 27ന് രാവിലെ 10 മുതൽ നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ./39/1670/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2018 ഡിസംബറിൽ നടന്ന ഏഴ്, എട്ട് സെമസ്റ്റർ ബി.ടെക് പരീക്ഷയുടെ വിവിധ പേപ്പറുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ സെപ്തംബർ 19, 20 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 223-ാം നമ്പർ മുറിയിൽ അസൽ രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/1671/2019)

## പൂർവ വിദ്യാർഥി സമ്മേളനം

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ പ്രൊഫ. സാബു തോമസിന്റെ കീഴിൽ ഗവേഷണം പൂർത്തീകരിച്ച, പൂർവവിദ്യാർഥികളുടെ സമ്മേളനം കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. കെ.എൻ. മധുസൂദനൻ ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. ബീന മാത്യു, ഡോ. കുരുവിള ജോസഫ് എന്നിവർ പ്രസംഗിച്ചു. അക്കാദമിക മേഖലയിൽ മികവ് പുലർത്തിയവരെ യോഗത്തിൽ ആദരിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ പ്രൊഫ. സാബു തോമസിന്റെ കീഴിൽ ഗവേഷണം പൂർത്തീകരിച്ച, പൂർവവിദ്യാർഥികളുടെ സമ്മേളനം കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. കെ.എൻ. മധുസൂദനൻ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1672/2019)

## പ്ലാസ്റ്റിക് പുനരുപയോഗ സാധ്യതകൾ; പ്രഭാഷണം നടന്നു

പുനരുല്പാദിപ്പിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമിക്കാവുന്ന മൂല്യവർധിത ഉത്പന്നങ്ങളെക്കുറിച്ചും ഓട്ടോമോട്ടീവ് മേഖലകളിലെ സാധ്യതകളെക്കുറിച്ചും അമേരിക്കയിലെ എൽ.എൽ.സി. കമ്പനിയുടെ ചീഫ് ടെക്നോളജി ഓഫീസറും വിദഗ്ധനുമായ ഡോ. ഡീൻ ചൗധരി പ്രഭാഷണം നടത്തി. പ്ലാസ്റ്റിക് പുനരുപയോഗത്തിന്റെ പ്രാധാന്യവും പാരിസ്ഥിതികമായ ഗുണങ്ങളും ഇതിൽ നിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിലെ ചെലവ് കുറഞ്ഞ നടപടിക്രമങ്ങളും വിവരിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ നടന്ന പ്രഭാഷണ പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

### ഫോട്ടോ ക്യാപ്ഷൻ

**പുനരുല്പാദിപ്പിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമിക്കാവുന്ന മൂല്യവർധിത ഉത്പന്നങ്ങളെക്കുറിച്ചും ഓട്ടോമോട്ടീവ് മേഖലകളിലെ സാധ്യതകളെക്കുറിച്ചും അമേരിക്കയിലെ എൽ.എൽ.സി. കമ്പനിയുടെ ചീഫ് ടെക്നോളജി ഓഫീസർ ഡോ. ഡീൻ ചൗധരി പ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ./39/1673/2019)

## വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത ഗവേഷണ പദ്ധതി; 'പെയറി'ന് എം.ജി. സർവകലാശാലയിൽ തുടക്കം

സംസ്ഥാന സർക്കാരും ഗവേഷണ സ്ഥാപനവും വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്ന പെയർ (പാർട്ണറിംഗ് അക്കാദമിക് ഇൻഡസ്ട്രിയൽ റിസർച്ച് പ്രോഗ്രാം) പദ്ധതിക്ക് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കം. സംസ്ഥാനത്ത് ആദ്യമായാണ് സർവകലാശാലതലത്തിൽ ഇത്തരമൊരു ഗവേഷണ പരിപാടി ആരംഭിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഗവേഷണം നടത്തുന്ന വിദ്യാർഥിക്ക് വ്യവസായ സ്ഥാപനത്തിൽ തൊഴിൽ ലഭിക്കുന്നതരത്തിലുള്ള സംസ്ഥാനത്തെ ആദ്യ സംരംഭമാണിത്.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും വ്യവസായ സ്ഥാപനമായ മാഗ് ജിനോം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡും സംയുക്ത ഉടമ്പടിയിലൂടെയാണ് പ്രോഗ്രാം നടപ്പാക്കുന്നത്. ഗവേഷണത്തിനായി പോസ്റ്റ് ഡോക്ടറൽ ഫെലോയെ നിയോഗിക്കും. പദ്ധതിയുടെ ചെലവ് വ്യവസായ സ്ഥാപനമാണ് വഹിക്കുന്നത്. പോസ്റ്റ് ഡോക്ടറൽ ഫെലോയെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് നിയോഗിക്കുക. ഗവേഷണ സൗകര്യവും മാർഗനിർദ്ദേശവും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് നൽകും. ഗവേഷണം വിജയകരമായി പൂർത്തീകരിക്കുന്നതോടെ ഡോക്ടറൽ ഫെലോയെ വ്യവസായ സ്ഥാപനത്തിലെ സ്ഥിരം സയന്റിസ്റ്റായി നിയമിക്കും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ പ്രൊഫ. കെ. ജയചന്ദ്രനാണ് പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ. ഡോ. വൈ. ആനി, ഡോ. ഹരികുമാരൻ നായർ എന്നിവരാണ് സഹ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാർ. രണ്ടുവർഷമാണ് പദ്ധതിയുടെ കാലാവധി.

പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ ഓഫ് ബയോസയൻസസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. സ്കൂൾ ഓഫ് ബയോസയൻസസ് മേധാവി പ്രൊഫ. കെ. ജയചന്ദ്രൻ, മാഗ് ജിനോം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് സി.ഇ.ഒ. ഡോ. സി.എൻ. രാംചന്ദ്, അസിസ്റ്റന്റ് പ്രൊഫ. ഡോ. ഇ.കെ. രാധാകൃഷ്ണൻ, പോസ്റ്റ് ഡോക്ടറൽ ഫെലോ ഡോ. കിരൺ എസ്. ധർ എന്നിവർ പ്രസംഗിച്ചു.

### ഫോട്ടോ ക്യാപ്ഷൻ

**സംസ്ഥാന സർക്കാരും മഹാത്മാ ഗാന്ധി സർവകലാശാലയും വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന ഗവേഷണ പരിപാടിയായ പെയർ പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ ഓഫ് ബയോസയൻസസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു**

(പി.ആർ.ഒ./39/1674/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്തംബർ 16

## വാർത്താക്കുറിപ്പ്

**URGENT CORRECTION**

**വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത ഗവേഷണ പദ്ധതി; 'പെയറി'ന് എം.ജി. സർവകലാശാലയിൽ തുടക്കം എന്ന വാർത്തയിൽ സുപ്രധാന തിരുത്തുണ്ട്. തിരുത്തിയ വാർത്ത ഇതോടൊപ്പം ചേർക്കുന്നു.**

## വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത ഗവേഷണ പദ്ധതി; 'പെയറി'ന് എം.ജി. സർവകലാശാലയിൽ തുടക്കം

സംസ്ഥാന സർക്കാരും ഗവേഷണ സ്ഥാപനവും വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്ന പെയർ (പാർട്നറിംഗ് അക്കാദമിക് ഇൻഡസ്ട്രിയൽ റിസർച്ച് പ്രോഗ്രാം) പദ്ധതിക്ക് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കം. സംസ്ഥാനത്ത് ആദ്യമായാണ് സർവകലാശാലതലത്തിൽ ഇത്തരമൊരു ഗവേഷണ പരിപാടി ആരംഭിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഗവേഷണം നടത്തുന്ന വിദ്യാർഥിക്ക് വ്യവസായ സ്ഥാപനത്തിൽ തൊഴിൽ ലഭിക്കുന്നതരത്തിലുള്ള സംസ്ഥാനത്തെ ആദ്യ സംരംഭമാണിത്.

സ്കൂൾ ഓഫ് **ബയോസയൻസസും** കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും വ്യവസായ സ്ഥാപനമായ മാഗ് ജിനോം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡും സംയുക്ത ഉടമ്പടിയിലൂടെയാണ് പ്രോഗ്രാം നടപ്പാക്കുന്നത്. ഗവേഷണത്തിനായി പോസ്റ്റ് ഡോക്ടറൽ ഫെലോയെ നിയോഗിക്കും. പദ്ധതിയുടെ ചെലവ് വ്യവസായ സ്ഥാപനമാണ് വഹിക്കുന്നത്. പോസ്റ്റ് ഡോക്ടറൽ ഫെലോയെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് നിയോഗിക്കുക. ഗവേഷണ സൗകര്യവും മാർഗനിർദ്ദേശവും സ്കൂൾ ഓഫ് **ബയോസയൻസസ്** നൽകും. ഗവേഷണം വിജയകരമായി പൂർത്തീകരിക്കുന്നതോടെ ഡോക്ടറൽ ഫെലോയെ വ്യവസായ സ്ഥാപനത്തിലെ സ്ഥിരം സയന്റിസ്റ്റായി നിയമിക്കും. സ്കൂൾ ഓഫ് **ബയോസയൻസസ്** ഡയറക്ടർ പ്രൊഫ. കെ. ജയചന്ദ്രനാണ് പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ. ഡോ. വൈ. ആനി, ഡോ. ഹരികുമാരൻ നായർ എന്നിവരാണ് സഹ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാർ. രണ്ടുവർഷമാണ് പദ്ധതിയുടെ കാലാവധി.

പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ ഓഫ് ബയോസയൻസസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. സ്കൂൾ ഓഫ് ബയോസയൻസസ് മേധാവി പ്രൊഫ. കെ. ജയചന്ദ്രൻ, മാഗ് ജിനോം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് സി.ഇ.ഒ. ഡോ. സി.എൻ. രാംചന്ദ്, അസിസ്റ്റന്റ് പ്രൊഫ. ഡോ. ഇ.കെ. രാധാകൃഷ്ണൻ, പോസ്റ്റ് ഡോക്ടറൽ ഫെലോ ഡോ. കിരൺ എസ്. ധർ എന്നിവർ പ്രസംഗിച്ചു.

# <u>ഫോട്ടോ ക്യാപ്ഷൻ</u>

**സംസ്ഥാന സർക്കാരും മഹാത്മാ ഗാന്ധി സർവകലാശാലയും വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന ഗവേഷണ പരിപാടിയായ പെയർ പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ ഓഫ് ബയോസയൻസസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു**

**(പി.ആർ.ഒ./39/1674/2019)**

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ